ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഫാക്ടറിയുടെ സംസ്കരണശേഷിയുടെ അടിസ്ഥാനത്തിൽ പ്രായോഗികമായി ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയങ്ങൾ തീർച്ചയായും പരിശോധനാവിധേയമാക്കുന്നതാണ്.

(9) അഭിഭാഷക ക്ഷേമനിധി

ശ്രീ. സി.എൻ. ജയദേവൻ : സർ, അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് അനുവദിച്ചിട്ടുള്ള സംഖ്യ വർദ്ധിപ്പിക്കണമെന്ന അഭിഭാഷക സംഘടനകളുടെ ആവശ്യം മുന്നിൽവച്ചുകൊണ്ട് അഭിഭാഷക ക്ഷേമനിധി അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. അഭിഭാഷക ക്ഷേമനിധി നിലവിലുള്ളത് ഒരു ലക്ഷം രൂപയാണ്. 30 വർഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഒരാൾക്കാണ് ഇപ്പോൾ ഒരു ലക്ഷം രൂപ നൽകുന്നത്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള അഡ്വക്കേറ്റുമാർ എല്ലാ വർഷവും ഒരു നിശ്ചിത തുക ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുകയും ഓരോ വക്കാലത്തിനും ക്ഷേമനിധി സ്റ്റാമ്പ് പതിപ്പിക്കുകയും ചെയ്യുമ്പോഴാണ് ക്ഷേമനിധി നൽകുന്നതിനുള്ള തുക ലഭിക്കുന്നത്. കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റീസ് കമ്മിറ്റിയാണ് ഈ തുക കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ ഈ തുകയ്ക്ക് ഗവൺമെന്റിന് യാതൊരു ബാദ്ധ്യതയുമില്ല. നീതിനിർവഹണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന അഭിഭാഷക സമൂഹത്തിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ക്ഷേമനിധി തുക ഒരു ലക്ഷം രൂപയിൽ നിന്നും അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം വിവിധ അഭിഭാഷക സംഘടനകൾ വളരെക്കാലങ്ങളായി ഉയർത്തിക്കൊണ്ടിരിക്കുന്നു. അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിച്ചാൽ സർക്കാരിന് യാതൊരുവിധ പുതിയ സാമ്പത്തിക ബാദ്ധ്യതയും ഇതുകൊണ്ട് ഉണ്ടാകുന്നില്ല. ഇപ്പോൾ ഈ തുക അതിനായി ഉപയോഗിക്കുന്നുമില്ല. കോർട്ട് ഫീ സ്റ്റാമ്പിനത്തിൽ വരുന്ന തുകയുടെ 50% അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് മാറ്റിക്കൊടുക്കാൻ സർക്കാർ തയ്യാറായാൽ സർക്കാരിന് പുതിയ സാമ്പത്തിക ബാദ്ധ്യതയില്ലാതെതന്നെ ക്ഷേമനിധി തുക വർദ്ധിപ്പിക്കാൻ കഴിയും. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ തീരുമാനം അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഒരു ലക്ഷം രൂപയെന്നുള്ളത് മൂന്നു ലക്ഷം രൂപയാക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളുമുണ്ട്. അതിന് ബാർ കൗൺസിലിന്റെ അഭിപ്രായം ചോദിച്ചിരിക്കുകയാണ്. റവന്യൂ വരുമാനത്തെ സംബന്ധിച്ചും ഇതിനുള്ള കാശിനെ സംബന്ധിച്ചുമൊക്കെയുള്ള ബാർ കൗൺസിലിന്റെ നിർദ്ദേശങ്ങൾ വന്നുകഴിഞ്ഞാൽ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) പാലക്കാട് ജില്ലയിലെ തണ്ടാർ സമുദായങ്ങൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാത്തതുസംബന്ധിച്ച്

ശ്രീ. കെ. അച്ചുതൻ : സർ, മുഖ്യമന്ത്രി മറുപടി പറയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ തന്നിരുന്നത്. ഇപ്പോൾ പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയാണ് മറുപടി പറയാനായി എഴുതി തന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറയേണ്ടതല്ല ഈ വിഷയം. കാരണം പാലക്കാട്ടു ജില്ലയിലെ തണ്ടാൻമാർ 23-ാം തീയതി മുതൽ സമരത്തിലാണ്. അവർക്ക് 1950 മുതൽ 1988 വരെ ഹരിജനങ്ങൾ എന്ന നിലയ്ക്ക് ആനുകൂല്യം ലഭിച്ചിരുന്നതാണ്. ചില പരാതികളുടെയടിസ്ഥാനത്തിൽ ഇത് നിർത്തിവച്ചിരിക്കുകയാണ്. അതിനുശേഷം സുപ്രീം കോടതിയിൽ കേസ് പോയി. സുപ്രീം കോടതി, ഹരിജനങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന് പറഞ്ഞതിനുശേഷവും ഒരു സർട്ടിഫിക്കറ്റും നൽകുന്നില്ല. ഇപ്പോൾ തൃശൂർ ഭാഗത്തെല്ലാം തണ്ടാൻ എന്നു പറഞ്ഞാൽ അത് ഈഴവരേക്കാൾ വലുതാണ്. പാലക്കാട് ജില്ലയിലെ തണ്ടാൻമാർ കർഷകത്തൊഴിലാളികളാണ്. ഈർച്ചപ്പണിക്ക് പോകുന്ന തൊഴിലാളികളാണ്, ചെത്തുകാരുമാണ്. 1960-ൽ ചിറ്റൂർ പട്ടികജാതി സംവരണ സീറ്റിൽനിന്ന് കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി ജയിച്ച ശ്രീ. കെ.വി.നാരായണൻ, അദ്ദേഹം എം.എൽ.എ. ആയിരുന്നു. അദ്ദേഹം 1965-ൽ കുഴൽമന്ദത്ത് മൽസരിച്ചിരുന്നു. പരാജയപ്പെട്ടു. അദ്ദേഹത്തിന്റെ മക്കൾക്കുപോലും ഇപ്പോൾ സർട്ടിഫിക്കറ്റ് കിട്ടുന്നില്ലയെന്നതാണ്. ഈഴവനെന്ന സർട്ടിഫിക്കറ്റും തണ്ടാൻ എന്ന സർട്ടിഫിക്കറ്റും ഇല്ലാത്ത ഒരു സാഹചര്യത്തിൽ ആയിരക്കണക്കിന് ആളുകൾ വളരെയേറെ ബുദ്ധിമുട്ടുന്നു. കുട്ടികളെ പഠിപ്പിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ നിൽക്കുകയാണ്. ഇത് വളരെ ഗൗരവമായി കണക്കാക്കിക്കൊണ്ട് സുപ്രീം കോടതി വിധിയെങ്കിലും മാനിക്കണം. ഇവരെ ഈഴവരാണെന്നാണ് പറയുന്നതെങ്കിലും അവർ ഈഴവരുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളാണ്. പാലക്കാട് ജില്ലയിലെ, പ്രത്യേകിച്ച് തിരുക്കൊച്ചി ഭാഗത്തെ തണ്ടാൻമാർ എന്ന് എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. ഇത് പരിശോധിച്ച് അടിയന്തിരമായി അവർക്ക് സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥ തണ്ടാൻമാർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ യാതൊരു തടസ്സവും നേരിട്ടതായിട്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ മറ്റു പല സമുദായത്തിൽപ്പെട്ട ആളുകളും പട്ടികജാതി പട്ടികവർഗ്ഗക്കാർ ആണെന്ന് അവകാശപ്പെട്ടുകൊണ്ട് വ്യാജ സർട്ടിഫിക്കറ്റുണ്ടാക്കിയിട്ട് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യം തട്ടിപ്പറിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാടുള്ള തണ്ടാൻമാരെന്നവകാശപ്പെടുന്നവരുടെ പ്രശ്നം വളരെ ഗൗരവത്തോടുകൂടി തന്നെ ഗവൺമെന്റ് കാണുന്നുണ്ട്. നേരത്തെ ഇവിടെ ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ച പാലക്കാട് ജില്ലയിലെ തണ്ടാൻമാർ പട്ടികജാതിയിൽപ്പെടുന്നില്ല, അതുപോലെ തന്നെ പിന്നോക്ക വിഭാഗത്തിലും പെടുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അതുസംബന്ധിച്ചുള്ള വിശദമായ പരിശോധന നടന്നുവരികയാണ്. പരിശോധനയ്ക്കുശേഷം അവർ ഏതു വിഭാഗത്തിൽപെടുന്നുവോ ആ വിഭാഗത്തിനുള്ള സർട്ടിഫിക്കറ്റ് നൽകാൻ നടപടി എടുക്കുന്നതാണ്.

V. PAPERS LAID ON THE TABLE

Chief Minister (Shri. E.K. Nayanar) : Sir, I lay on the Table :

G.O. (Rt)No.2049/99/Home dated, 28th May, 1999 (S.R.O No.471/99)

LIBRARY ARCHIVES Kerala Legislative Assembly